റവന്യൂ വകുപ്പിലെ പ്രമോഷൻ

121 [1060] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽ പ്രൊവിഷണൽ പ്രമോഷൻ നടത്താറുണ്ടോ എന്നറിയിക്കുമോ ?

ഉത്തരം

റവന്യൂ വകുപ്പിൽ പ്രൊവിഷണൽ പ്രമോഷൻ നടത്താറില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി 18 തഹസിൽദാർമാരെ താൽക്കാലികാടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാരായി പ്രമോട്ട് ചെയ്തിട്ടുണ്ട്.

വില്ലേജ് ഓഫീസർമാർക്ക് കൂടുതൽ ചുമതലകൾ

122 [1061] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർമാർക്ക് കൂടുതൽ ചുമതലകൾ നൽകാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ പുതുതായി എന്തെല്ലാം അധിക ചുമതലകളാണ് വില്ലേജ് ഓഫീസർമാർക്ക് നൽകിയിട്ടുള്ളതെന്നറിയിക്കാമോ ;

(സി) വില്ലേജ് ഓഫീസുകളിലെ അധിക ജോലി ഭാരം കണക്കിലെടുത്ത് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സർക്കാർ നടപടിയെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-12-2005-ലെ ജി.ഒ. (എം.എസ്.) 391/05/ആർ.ഡി. ഉത്തരവനുസരിച്ച് സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഹാജരാക്കുന്നതിലേക്ക് ഡൊമിസയിൽ സർട്ടിഫിക്കറ്റ്, ഒരു ലക്ഷം രൂപ വരെയുള്ള സോൾവൻസി, വാലേഷൻ സർട്ടിഫിക്കറ്റുകൾ, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, വിധവാ സർട്ടിഫിക്കറ്റ്, വിധവകൾക്കുള്ള നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള അധിക ചുമതലയും വസ്തു സബ്ഡിവിഷൻ ചെയ്ത് പോക്കുവരവ് ചെയ്ത് നൽകുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്.

(സി) ഇങ്ങനെയുള്ള യാതൊരു നിർദ്ദേശങ്ങളും സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly